**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 3137 | 15.02.2013 ൽ<br>മറുപടിയ്ക്ക് |

## നെന്മാറ മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവേലി സ്റ്റോറിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ; | എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി, മുതലമട, പല്ലശ്ശന, കൊടുവായൂർ, അയിലൂർ എന്നീ പഞ്ചായത്തുകളിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനുള്ള ശുപാർശകൾ ലഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണ് ; | ബി) എലവഞ്ചേരി, മുതലമട പഞ്ചായത്തുകളിൽ മാവേലിസ്റ്റോറിനായി കണ്ടെത്തിയ കെട്ടിടം മാവേലിസ്റ്റോർ പ്രവർത്തിക്കുന്നതിന് അനുയോജ്യമല്ലാത്തതിനാൽ ടി കെട്ടിടം അനുയോജ്യമാക്കി തരുവാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കൂടാതെ മാവേലി സ്റ്റോർ തുടങ്ങുന്നതിനായി സർക്കാരിന്റെ പുതിയ മാനദണ്ഡ പ്രകാരമുള്ള സൗകര്യങ്ങൾ പഞ്ചായത്തുകൾ ലഭ്യമാക്കേണ്ടതുണ്ട്. പല്ലശ്ശന, കൊടുവായൂർ എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അയിലൂർ ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനായുള്ള അപേക്ഷ സാദ്ധ്യതാ പഠന റിപ്പോർട്ടിനായി പാലക്കാട് റീജിയണൽ മാനേജർക്ക് നൽകിയിരിക്കുകയാണ്. അയിലൂർ പഞ്ചായത്തിൽ അടിപെരണ്ടയിൽ മാവേലി സ്റ്റോർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് സപ്ലൈകോ ഇപ്പോൾ മുൻഗണന നൽകുന്നത്. |
| സി) ഏതെങ്കിലും പഞ്ചായത്തിൽ മാവേലിസ്റ്റോർ ഉടൻ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് പഞ്ചായത്തിൽ ; എപ്പോൾ അനുവദിക്കുമെന്ന് വിശദമാക്കുമോ ? | സി) എലവഞ്ചേരി, മുതലമട പഞ്ചായത്തുകളിൽ മാവേലിസ്റ്റോറിനായി കണ്ടെത്തിയ കെട്ടിടം മാവേലിസ്റ്റോറിന്റെ പ്രവർത്തനത്തിന് അനുയോജ്യമാക്കി നൽകുകയും അതോടൊപ്പം ഒരു പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള സർക്കാർ മാനദണ്ഡങ്ങൾ ടി പഞ്ചായത്തുകൾ പാലിക്കുകയും ചെയ്താൽ ഉടൻ തന്നെ സ്റ്റോർ അനുവദിക്കാവുന്നതാണ്. |

Beenan

സെക്ഷൻ ഓഫീസർ